**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5305** **01.07.2014-ൽ മറുപടിയ്ക്ക്**

## കെ. എസ്. ഇ. ബി. യുടെ നഷ്ടം സംബന്ധിച്ച സി & എ. ജി. റിപ്പോർട്ട്.

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) ആസൂത്രണത്തിലെ പാളിച്ചയും കെടുകാര്യസ്ഥതയും മൂലം കെ. എസ്. ഇ. ബി. ക്ക് കോടികളുടെ നഷ്ടം ഉണ്ടായതായി കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ സൂചനയുണ്ടോ ; | (എ) കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ മാർച്ച് 31, 2013 സാമ്പത്തിക വർഷത്തിലെ റിപ്പോർട്ട് പ്രകാരം ആസൂത്രണത്തിലെ വീഴ്ച കാരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഹ്രസ്വകാലത്തേയ്ക്ക് വില കൂടിയ പവർ വാങ്ങാൻ നിർബന്ധിതമായി എന്ന പരാമർശമുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലായാണ് ഈ നഷ്ടം സംഭവിച്ചിരിക്കുന്നതെന്ന് റിപ്പോർട്ടിലുള്ള പരാമർശങ്ങളുടെ വിശദാംശം അറിയിക്കുമോ ; | (ബി) സി & എ. ജി. റിപ്പോർട്ട് അദ്ധ്യായം III ഖണ്ഡിക 3.1 പ്രകാരം പവർ പർച്ചേസുമായി ബന്ധപ്പെട്ടും, ഖണ്ഡിക 3.2 പ്രകാരം രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ (ആർ. ജി. ജി. വി. വൈ) നടത്തിപ്പുമായി ബന്ധപ്പെട്ടുമുള്ള വിഷയങ്ങളിലാണ് റിപ്പോർട്ടിൽ പരാമർശമുള്ളത്. |
| (സി) പ്രസ്തുത നഷ്ടത്തിന് ഉത്തരവാദികളായ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (സി) & (ഡി) റിപ്പോർട്ട് വ്യക്തമായി പരിശോധിച്ചതിന് ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ? | |

**സെക്ഷൻ ഓഫീസർ.**